(ബി) കശുവണ്ടി ഫാക്ടറികളിൽ നടക്കുന്ന നിയമ നിഷേധത്തിനെതിരെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തി വരുകയാണ്. നാളിതുവരെ 180-ഓളം ഫാക്ടറികളിൽ പരിശോധന നടത്തുകയും ഫാക്ടറി നിയമത്തിന്റെ ലംഘനങ്ങൾ കണ്ടെത്തിയ ഫാക്ടറി ഉടമയ്ക്കെതിരെ ഫാക്ടറി നിയമ പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട് നൽകുകയും പ്രസ്തുത നിയമ ലംഘനങ്ങൾ പരിഹരിച്ച ഫാക്ടറികൾക്കെതിരെ തുടർ നിയമ നടപടികൾ അവസാനിപ്പിയ്ക്കുകയും ചെയ്തു. യാതൊരു നടപടികളും കൈക്കൊള്ളാത്ത ഫാക്ടറികൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. അത്തരത്തിൽ നോട്ടീസ് നൽകിയ ഫാക്ടറികൾ, നിശ്ചിത ദിവസത്തിനകം നടപടികൾ കൈക്കൊള്ളുന്നതാണെന്നും സാവകാശം അനുവദിയ്ക്കണമെന്നും അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഫാക്ടറികൾക്ക് ന്യൂനതാ പരിഹാരത്തിന് ന്യായമായ സാവകാശം അനുവദിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്ത ഫാക്ടറികൾക്കെതിരെ തുടർ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു. എന്നാൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷവും യാതൊരുവിധ നടപടികളും സ്വീകരിക്കാത്ത ഫാക്ടറികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) നിയമനിഷേധം നടത്തുന്ന മാനേജ്മെന്റുകൾക്കെതിരെ അന്യായം ഫയൽ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അന്യായം ഫയൽ ചെയ്ത ഒരു കേസിൽ ആലപ്പുഴ ജില്ലയിലെ താമരക്കുളത്ത് സ്ഥിതിചെയ്യുന്ന യൂണിവേഴ്സൽ ഫുഡ്സ് കശുവണ്ടി ഫാക്ടറി ഉടമയ്ക്ക് ബഹു. ആലപ്പുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി നിയമ ലംഘനത്തിന് 90,000-രൂപാ പിഴയും ഒരു ദിവസത്തെ തടവിനും ശിക്ഷിച്ചിട്ടുണ്ട്.

തോട്ടണ്ടി ഇറക്കുമതി

301 (641) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടണ്ടി ഇറക്കുമതി കുറയുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) തോട്ടണ്ടി ഇറക്കുമതി കുറയുന്നതിന്റെ കാരണം വിശദമാക്കുമോ ;

(സി) തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 2012-13 ഇറക്കുമതി ചെയ്ത 8,92,365 മെട്രിക് ടണ്ണിന്റെ സ്ഥാനത്ത് 2013-14 ൽ 7,71,356 മെട്രിക് ടൺ മാത്രമാണ് ഇറക്കുമതി ചെയ്തത്. ഇറക്കുമതിയിൽ പതിമൂന്നര ശതമാനത്തിന്റെ കുറവു സംഭവിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തിരം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വിയറ്റ്നാം കൂടാതെ പല ആഫ്രിക്കൻ രാജ്യങ്ങളും തോട്ടണ്ടി സംഭരണം തുടങ്ങിയതും ആഫ്രിക്കൻ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങളും തോട്ടണ്ടിയുടെ ഉയർന്ന വിലയും ഇറക്കുമതി കുറയാൻ മുഖ്യ കാരണങ്ങളാണ്.

(സി) അസംസ്കൃത തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 2007-ൽ കാഷ്യൂ സ്പെഷ്യൽ ഓഫീസർ ചെയർമാനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് (കെ.എസ്.എ.സി.സി)-ക്ക് രൂപം നൽകുകയും അതുവഴി "ജൈവകശുമാവ് കൃഷിയും അസംസ്കൃത തോട്ടണ്ടി ബാങ്ക്" എന്ന പദ്ധതി മുഖാന്തിരം അത്യുൽപാദന ശേഷിയുള്ളതും മൂന്നാം വർഷം കായ്ക്കുന്നതുമായ മേൽത്തരം ഗ്രാഫ്റ്റ് തൈകളും വിതരണം ചെയ്തു വരികയുമാണ്.

പൊതുമേഖലാസ്ഥാപനങ്ങളുടെ നിരീക്ഷണം

302 (642) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളെയും യൂണിറ്റുകളെയും മോണിറ്റർ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉത്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളെയും യൂണിറ്റുകളെയും മോണിറ്റർ ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly